# DIRECTORATE OF HEALTH SERVICES

Vanchiyoor.P.O., Thiruvananthapuram. Pin – 695035
Ph:0471-2302490 Fax:0471-2303025/2303080
**Email :** dhskerala@gmail.com, **Website:** www.dhs.kerala.gov.in


Date : 22.02.2017

പ്രസിദ്ധീകരണത്തിന്

## എച്ച് 1 എൻ 1 പനിക്കെതിരെ ജാഗ്രത പാലിക്കുക

ശ്വാസകോശത്തെ ബാധിക്കുന്ന ഒരു വൈറസ് രോഗമാണ് എച്ച് 1 എൻ 1. ജലദോഷപ്പനികൾ പോലെ തുമ്മലിലൂടെയും ചുമയിലൂടെയുമാണ് ഇത് പകരുന്നത്. 2009 മുതൽ 2012, 2015 എന്നീ കാലഘട്ടങ്ങളിൽ ഇത് കേരളമടക്കം ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും വ്യാപകമായി പകർന്നിരുന്നതാണ്. 2017 ആരംഭം മുതൽ നേരിയ വർദ്ധനവ് ആരോഗ്യവകുപ്പിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും സമാനമായ വർദ്ധനവ് ഉണ്ടെന്നും അറിയുന്നു. ആയതിനാൽ ഡോക്ടർമാർ ഇതിനെതിരായുള്ള രോഗനിർണ്ണയ ജാഗ്രത പാലിക്കേണ്ടതും നിലവിലുള്ള മാർഗ്ഗ രേഖകൾ ( എ, ബി, സി ഗൈഡ്‌ലൈൻ ) പ്രകാരം ചികിത്സ പരിഗണിക്കേണ്ടതുമാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിക്കുന്നു.

ജനങ്ങൾക്കിടിയിൽ പരിഭ്രാന്തിയുടെ സാഹചര്യം ഇപ്പോൾ നിലവിലില്ല. അതേ സമയം ജലദോഷപ്പനികൾ, ചുമ, തൊണ്ടവേദന, ശ്വാസംമുട്ട് മുതലായ ലക്ഷണങ്ങൾ ഉള്ള രോഗികൾ, ഈ ലക്ഷണങ്ങൾ സാധാരണ സമയം കൊണ്ട് കുറയുന്നില്ലയെങ്കിലോ, ക്രമാതീതമായി കൂടുകയാണെങ്കിലോ, ഡോക്ടറുടെ സേവനം ഉറപ്പ് വരുത്തേണ്ടതാണ്. **ഗർഭിണികൾ ഈ രോഗലക്ഷണങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.** പ്രമേഹം, ഹൃദ്രോഗം, ബി.പി, കരൾ-വൃക്കരോഗം മുതലായ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവർ ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധാലുക്കാളായിരിക്കണം എന്നും ആരോഗ്യവകുപ്പ് ഡയറക്ടർ നിർദ്ദേശിക്കുന്നു.

ഇത്തരം രോഗലക്ഷണങ്ങൾ ഉള്ളവർ അസുഖം മറ്റുള്ളവരിലേയ്ക്ക് പകരാതിരിക്കാൻ, തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും ചെറിയ ടവൽകൊണ്ട് മൂക്കും വായയും മൂടുക, കൈകൾ ഇടയ്ക്കിടെ സോപ്പും വെള്ളവും ഒഴിച്ച് കഴുകുക, ആവശ്യത്തിന് വിശ്രമം, ചൂട് പാനീയങ്ങൾ, പോഷകാഹാരം എന്നിവയും സ്വീകരിക്കേണ്ടതാണ്.

22/2/17

ആരോഗ്യവകുപ്പ് ഡയറക്ടർ

Dr. REENA, K. J, MBBS, MD, DFM
Addl. Director (PH)
Reg. No: 18847
DHS Office, Thiruvananthapuram